# കേരള സർവകലാശാല

നം. പി.ആർ.289/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ഫിൽ ഫലം

കേരള സർവകലാശാല 2017 ഒക്ടോബറിൽ നടത്തിയ എം.ഫിൽ റഗുലർ (2016 -2017 ബാച്ച് - യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം) ഹിന്ദി, ഫിലോസഫി എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ സ്റ്റഡീസ് ഫലം

കേരള സർവകലാശാല 2017 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ സ്റ്റഡീസ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ബി.എ ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.ബി.എ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് (സപ്ലിമെന്ററി 2013, 2014 സ്കീം) ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പ്രൈവറ്റ് രജിസ്ട്രേഷൻ: തീയതി നീട്ടി

കേരള സർവകലാശാല 2018-20 വർഷത്തേക്കുള്ള (2017-18 അഡ്മിഷൻ) ബി.എ/ബി.കോം (അഡീഷണൽ ഇലക്ടീവ് - കോ-ഓപ്പറേഷൻ)/ബി.കോം/ബി.ബി.എ വാർഷിക കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷൻ ചെയ്യുവാനുള്ള അവസാന തീയതി ജനുവരി 31 വരെ നീട്ടിയിരിക്കുന്നു. രജിസ്ട്രേഷൻ ഫീസിനു പുറമെ ബി.എ /ബി.കോം (അഡീഷണൽ ഇലക്ടീവ് -കോ-ഓപ്പറേഷൻ)/കോഴ്സുകൾക്ക് 2500/- രൂപ പിഴയും, ബി.ബി.എ കോഴ്സുകൾക്ക് 3000/- രൂപ പിഴയും അടയ്ക്കേണ്ടതാണ്. ബി.കോം/ബി.എ സോഷ്യോളജി കോഴ്സുകൾക്ക് ജനുവരി 22 ന് ശേഷം രജിസ്ട്രേഷൻ ഫീസിന് പുറമെ 2500/- രൂപ പിഴയോടു കൂടി ജനുവരി 31 വരെ അപേക്ഷിക്കാവുന്നതാണ്. പുതിയ രജിസ്ട്രേഷൻ (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ ജനുവരി എട്ട് മുതൽ ഓൺലൈനായും, ബി.കോം (അഡീഷണൽ ഇലക്ടീവ്-കോ-ഓപ്പറേഷൻ), ബി.എ/ബി.കോം റീ-രജിസ്ട്രേഷൻ, അഡീഷണൽ ഡിഗ്രി ഓഫ്ലൈനായും അപേക്ഷിക്കേണ്ടതാണ്.

### എം.എ.എസ്.എൽ.പി പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) സ്ട്രീം പരീക്ഷയ്ക്ക് പിഴയില്ലാതെ ജനുവരി 23 (50 രൂപ പിഴയോടെ ജനുവരി 25, 125 രൂപ പിഴയോടെ ജനുവരി 29) വരെ ഫീസ് അടച്ച് അപേക്ഷിക്കാവുന്നതാണ്.

ഫെബ്രുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ ജനുവരി 20 (50 രൂപ പിഴയോടെ ജനുവരി 22, 125 രൂപ പിഴയോടെ ജനുവരി 25) വരെ ഫീസടച്ച് അപേക്ഷിക്കാവുന്നതാണ്.

## ബി.എ.എസ്.എൽ.പി പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരി ഏഴിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ ജനുവരി 15 (50 രൂപ പിഴയോടെ ജനുവരി 17, 125 രൂപ പിഴയോടെ ജനുവരി 20) വരെ ഫീസ് അടച്ച് അപേക്ഷിക്കാവുന്നതാണ്.

## ബി.ഫാം പരീക്ഷ

കേരള സർവകലാശാല ജനുവരി 30 ന് ആരംഭിക്കുന്ന അവസാന വർഷ ബി.ഫാം സപ്ലിമെന്ററി ഡിഗ്രി പരീക്ഷയ്ക്ക് പിഴയില്ലാതെ ജനുവരി 10 (50 രൂപ പിഴയോടെ ജനുവരി 12, 125 രൂപ പിഴയോടെ ജനുവരി 15) വരെ ഫീസ് അടച്ച് അപേക്ഷിക്കാവുന്നതാണ്.

## ബി.എസ്സി ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്സി ഫിസിക്സ് ആന്റ് കംമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ബി.എസ്സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (2013 & 2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എ, ബി.എ ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ (2013 & 2014 സ്കിം) ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (2013 സ്കീം) (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എം.എസ് ഫലം

കേരള സർവകലാശാല 2017 ഡിസംബറിൽ നടത്തിയ രണ്ടാം വർഷ പ്രൊഫഷണൽ ബി.എ.എം.എസ് -ന്റെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 20 വരെ അപേക്ഷിക്കാവുന്നതാണ്.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല 2017 മെയ് മാസം നടത്തിയ രണ്ടാം വർഷം (ത്രിവത്സരം) (1998 അഡ്മിഷന് മുമ്പുള്ളത്) (പഴയ സ്കീം) (മേഴ്സിചാൻസ്), രണ്ടാം വർഷം (ത്രിവത്സരം) & നാലാം വർഷം (പഞ്ചവത്സരം) (1998 അഡ്മിഷൻ) (പുതിയ സ്കീം) (മേഴ്സിചാൻസ്) എൽ.എൽ.ബി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 30 വരെ അപേക്ഷിക്കാം.

## ബി.ആർക്ക് പരീക്ഷ

കേരള സർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) റഗുലർ പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ജനുവരി 10 മുതൽ ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
05.01.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**